പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5 8.2.2016 ൽ മറുപടിയ്ക്ക്

**ജനസമ്പർക്ക പരിപാടി**

**ചോദ്യം**

ശ്രീ.കെ.സുരേഷ് കുറുപ്പ്

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രി ജില്ലകളിൽ നടത്തിയ ജനസമ്പർക്ക പരിപാടികൾ എത്രയായിരുന്നു; | എ) എല്ലാ ജില്ലകളിലും 2011, 2013, 2015 എന്നീ വർഷങ്ങളിലായി 3 തവണ വീതം ഈ പരിപാടി നടത്തിയിട്ടുണ്ട് . |
| ബി) എ.പി.എൽ കാർഡ് ബി.പി.എൽ ആക്കി മാറ്റുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഓരോ ജനസമ്പർക്ക പരിപാടിയിലും ഇതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | ബി) 2,60,728 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| സി) ഇതിൽ, എത്ര പേരുടെ കാർഡുകൾ ബി.പി.എൽ ആക്കി മാറ്റി എന്ന് അറിയിക്കാമോ; | സി) 42,892 പേരുടെ കാർഡുകൾ ബി.പി.എൽ ആക്കി മാറ്റിയിട്ടുണ്ട്. |
| ഡി) ഇക്കാര്യത്തിൽ, കളക്ടർമാർക്ക് അധികാരം നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എപ്പോൾ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ഡി) ഉണ്ട്. അനുബന്ധം രണ്ടായി ചേർക്കുന്നു. |
| ഇ) നിലവിൽ ബി.പി.എൽ ആക്കി മാറ്റുന്നതിനുള്ള എ.പി.എൽ. കാരുടെ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നില്പുണ്ടോ; എങ്കിൽ എത്ര; | ഇ) 36,329 പേരുടെ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നില്പുണ്ട്. |
| എഫ്) ഇക്കാര്യത്തിൽ, സമയബന്ധിതമായി തീരുമാനം എടുക്കാത്തതിന്റെ പേരിൽ ഏതെങ്കിലും കളക്ടർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, വ്യക്തമാക്കാമോ; | <u>എഫ്+ജി)</u> ഇല്ല |
| ജി) ഇപ്രകാരം താഴെത്തട്ടിലുള്ള അധികാരം മുഖ്യമന്ത്രി ഉപയോഗിക്കാൻ തുടങ്ങിയതിൽ പിന്നെ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥന്മാർ പ്രസ്തുത അധികാരം ഇപ്പോൾ വിനിയോഗിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

## ജനസമ്പർക്ക പരിപാടിയിൽ ലഭ്യമായ എ.പി.എൽ കാർഡ് ബി.പി.എൽ ആക്കുന്നതിനുള്ള അപേക്ഷകളുടെ എണ്ണം

| ജില്ല | 2011 | 2013 | 2015 | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 9234 | 9873 | 2857 | 21964 |
| കൊല്ലം | 3781 | 13249 | 10278 | 27308 |
| പത്തനംതിട്ട | 520 | 885 | 671 | 2076 |
| ആലപ്പുഴ | 2544 | 4787 | 2679 | 10010 |
| കോട്ടയം | 211 | 392 | 188 | 791 |
| ഇടുക്കി | 7449 | 3822 | 2565 | 13836 |
| എറണാകുളം | 1180 | 1162 | 539 | 2881 |
| തൃശ്ശൂർ | 12600 | 19090 | 3557 | 35247 |
| പാലക്കാട് | 19402 | 19586 | 3528 | 42516 |
| മലപ്പുറം | 42706 | 5978 | 6866 | 55550 |
| കോഴിക്കോട് | 1406 | 12232 | 2133 | 15771 |
| വയനാട് | 11492 | 9015 | 779 | 21286 |
| കണ്ണൂർ | 997 | 3180 | 2066 | 6243 |
| കാസർഗോഡ് | 3994 | 1040 | 215 | 5249 |
| ആകെ | | | | 260728 |

(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം 2

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യപൊതുവിതരണ വകുപ്പ് - പൊതുവിതരണം - പുതിയ ബി.പി.എൽ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ കാർഡുകൾ ലഭ്യമാക്കാനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ (എം.എസ്) നം.38/11/ഭ.സി.സ.വ — തീയതി, തിരുവനന്തപുരം, 05.11.2011

പരാമർശം :- 18.07.2001 -ലെ ഗ്രാമവികസന കമ്മീഷണറുടെ 15271/ഡിഫി/11/സി.ആർ.ഡി നമ്പർ കത്ത്.

ഉത്തരവ്

റേഷൻ കാർഡുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുവാനായി ബി.പി.എൽ സർവ്വേ 2009 പ്രകാരം തയ്യാറാക്കിയ പുതിയ ബി.പി.എൽ ലിസ്റ്റ് പരാമർശത്തിലെ കത്ത് മുഖേന ഗ്രാമവികസന ഡയറക്ടർ സർക്കാരിനും, സിവിൽ സപ്ലൈസ് ഡയറക്ടർക്കും ലഭ്യമാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി എ.പി.എല്ലിൽ നിന്നും ബി.പി.എല്ലിലേക്ക് മാറ്റി റേഷൻ കാർഡുകൾ വിതരണം ചെയ്യണമെന്ന നിരവധി അപേക്ഷകൾ ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്നുണ്ട്. ഇങ്ങനെയുള്ള അപേക്ഷകൾ പുതിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ച് അർഹതപ്പെട്ടവർക്ക് ബി.പി.എൽ കാർഡുകൾ ലഭ്യമാക്കാനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കികൊണ്ട് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവ് പ്രകാരം

വി.വി.വിജയകുമാർ
അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

67